# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/216/2017 2017 ഒക്ടോബർ 19

## <u>പത്രക്കുറിപ്പ്</u>

**എം.ജി. പി.ജി. ഏകജാലകം: ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു: അർഹത നേടിയവർ ഇന്ന് (ഒക്ടോബർ 20) വൈകുന്നേരം നാലുമണിക്ക് മുൻപായി ബന്ധപ്പെട്ട കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്**

മഹാത്മാഗാന്ധി സർവ്വകലാശാല ഏകജാലകം വഴി 2017ൽ പി.ജി. പ്രവേശനത്തിനുള്ള ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. സപ്ലിമെന്ററി അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ ഓൺലൈനായി സർവ്വകലാശാലാ അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഇന്ന് (ഒക്ടോബർ 20) വൈകുന്നേരം നാലു മണിക്കകം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. ഈ മാസം 20നകം ഫീസ് ഒടുക്കാത്തവരുടേയും ഫീസൊടുക്കിയശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

**പ്രാക്ടിക്കൽ**

ഒന്നാം വർഷ ബി.ഫാം (റഗുലർ/സപ്ലിമെന്ററി) - ജൂലൈ 2017 പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 3ന് ആരംഭിക്കും. വിശദമായ സമയക്രമം സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

ഒന്നാം സെമസ്റ്റർ എം.ടെക് (എല്ലാ ബ്രാഞ്ചുകളും - 2012, 2013 & 2014 അഡ്മിഷൻ സപ്ലിമെന്ററി, 2011 അഡ്മിഷൻ മേഴ്സി ചാൻസ്) ജൂൺ 2017 പരീക്ഷയുടെ പ്രാക്ടിക്കൽ/വൈവാവോസി ഒക്ടോബർ 26ന് കാക്കനാട് രാജഗിരി സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജിയിൽ വച്ച് നടത്തും. വിശദമായ സമയക്രമം സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**എൻ.എസ്.എസ്. ക്യാമ്പ്**

മഹാത്മാഗാന്ധി സർവ്വകലാശാല നാഷണൽ സർവ്വീസ് സ്കീം വിദ്യാർത്ഥികൾക്കായി ഒക്ടോബർ 24ന് നടത്താൻ നിശ്ചയിച്ചിരുന്ന പ്രീ-ആർ.ഡി. സെലക്ഷൻ ക്യാമ്പ് 26ന് രാവിലെ 9.30ന് കോട്ടയം അമലഗിരി ബി.കെ. കോളേജിൽ വച്ച് നടത്തും. പങ്കെടുക്കാൻ താല്പര്യമുള്ള എൻ.എസ്.എസ്. വോളണ്ടിയർമാരുടെ പേരുവിവരം 23ന് വൈകീട്ട് 4 മണിക്ക് മുൻപ് സർവ്വകലാശാലാ എൻ.എസ്.എസ്. ഓഫീസിൽ ഇ-മെയിൽ ആയി നൽകണം.

**പരീക്ഷാ ഫലം**

2017 ഫെബ്രുവരിയിൽ നടത്തിയ അവസാനവർഷ ബി.എസ്.സി. മോഡൽ 1 പാർട്ട് 2 ഫുഡ് സയൻസ് ആന്റ് ക്വാളിറ്റി കൺട്രോൾ (യു.ജി.സി.) സപ്ലിമെന്ററി/മേഴ്സി ചാൻസ് പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഒക്ടോബർ 27 വരെ അപേക്ഷിക്കാം.

2017 ഫെബ്രുവരിയിൽ നടത്തിയ രണ്ടാം വർഷ ബി.എസ്.സി. മോഡൽ 1 പാർട്ട് 1, പാർട്ട് 3 സബ്സിഡിയറി സപ്ലിമെന്ററി/മേഴ്സി ചാൻസ് പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഒക്ടോബർ 27 വരെ അപേക്ഷിക്കാം.

2017 ഏപ്രിൽ മാസത്തിൽ എറണാകുളം ഗവ. ലോ കോളേജിൽ നടത്തിയ ഒന്നു മുതൽ നാലു വരെ സെമസ്റ്റർ പഞ്ചവത്സര ബി.എ. എൽ.എൽ.ബി. സപ്ലിമെന്ററി (2011ന് മുമ്പുള്ള അഡ്മിഷൻ) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 2 വരെ അപേക്ഷിക്കാം.

2017 ജനുവരിയിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്.സി. ആക്ചൂറിയൽ സയൻസ് (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഒക്ടോബർ 26 വരെ അപേക്ഷിക്കാം.

**നാളെ (ഒക്ടോബർ 21) എം.ജി.യിൽ പ്രവൃത്തിദിനം**

നാക് സന്ദർശനത്തോടനുബന്ധിച്ച് ഒക്ടോബർ 14 (രണ്ടാം ശനി) മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് പ്രവൃത്തിദിനമായും പകരം, ഒക്ടോബർ 21 അവധി ദിനമായും പ്രഖ്യാപിച്ചിരുന്നെങ്കിലും നാളെ (ഒക്ടോബർ 21) സർവ്വകലാശാലയ്ക്ക് പ്രവൃത്തിദിനമായി ഉത്തരവായിട്ടുണ്ട്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**